# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4596

13.11.2019-ലെ മറുപടി

### റാന്നി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | റാന്നി-നാരങ്ങാനം, കോട്ടാങ്ങൽ-ആനിക്കാട്, എഴുമറ്റൂർ കുടിവെള്ള പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ചെറുകോൽ നാരങ്ങാനം റാന്നി (ഭാഗികം) എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ ജലശുദ്ധീകരണശാലക്കായി ബഹു.എം.എൽ.എ പുതുതായി കണ്ടെത്തി നൽകിയ ഭൂമിയിൽ സ്ഥലപരിശോധന നടത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ചു ഉൽപ്പാദക ഘടകങ്ങളുടെ രൂപരേഖ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചു വരുന്നു. വിതരണ ശൃംഖലക്കുവേണ്ടിയുള്ള സർവ്വേ നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>മല്ലപ്പിള്ളി, ആനിക്കാട്, കോട്ടാങ്ങൽ (ഭാഗികം) ഒന്നാം ഘട്ടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള പദ്ധതിയുടെ (798 ലക്ഷം രൂപയുടെ ഭരണാനുമതി) നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ട്രാൻസ്മിഷൻ ഘടകങ്ങൾ ഉൾപ്പെടുത്തി രണ്ടാം ഘട്ടം (2400 ലക്ഷം രൂപയുടെ ഭരണാനുമതി) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പദ്ധതിയുടെ വിതരണ ശൃംഖല മൂന്ന് ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ടി പഞ്ചായത്തിലെ സർവ്വേ നടപടികൾ അവസാനഘട്ടത്തിലാണ്.<br>എഴുമറ്റൂർ കുടിവെള്ള പദ്ധതിക്കു NRDWP യിൽ ഉൾപ്പെടുത്തി 591 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്നു. ഇതിൽ റോ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2.5 MLD ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് നിരവധി തവണ ദർഘാസ് |
| (ബി) | ഓരോ പദ്ധതിക്കും എത്ര രൂപയുടെ എസ്റ്റിമേറ്റ് വീതമാണ് തയ്യാറാക്കിയിരിക്കുന്നതെന്നും പ്രസ്തുത എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അംഗീകാരം ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വിശദമാക്കാമോ? | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനാൽ ടി പഞ്ചായത്ത് കൂടി പുറമെറ്റു അനുബന്ധ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടമായി 42.35 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഉത്പാദക ഘടകങ്ങളാണ് പ്രസ്തുത ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ശുദ്ധീകരണ ശാലയുടെ സ്ഥലം ഏറ്റെടുത്തതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഒന്നാം ഗഡു വഴി 87.71 ലക്ഷം രൂപ അടച്ചിട്ടുണ്ട്. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലമുടമ ഹൈക്കോടതിയിൽ കേസ് സമർപ്പിച്ചതിനാൽ സ്ഥലം ഏറ്റെടുക്കൽ പ്രവർത്തിയും തുടർപ്രവർത്തനങ്ങളും ആരംഭിക്കാൻ സാധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**